## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3108

03.04.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും ആയതിന്റെ ഡയറക്ടറേറ്റ് എവിടെ യാണ് സ്ഥിതിചെയ്യുന്നതെന്നും ആയതി ലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തൊ ക്കെയാണെന്നും വിശദമാക്കുമോ ; | (എ) ഉണ്ട്. 01/01/2011 മുതൽ സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ഡയറക്ടറേറ്റ് തിരുവനന്തപുരം പി.എം.ജി.യിലുള്ള വികാസ് ഭവൻ ബിൽഡിംഗിന്റെ നാലാമത്തെ നിലയിൽ പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും, തൊഴിൽ പരവുമായ പിന്നോക്കാവസ്ഥ പരിഹരിച്ച് ഇവരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളാണ് ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്നത്. |
| (ബി) ന്യൂനപക്ഷ ക്ഷേമത്തിനായി ഇപ്പോൾ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതി യുടേയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ന്യൂനപക്ഷ യുവജനതയെ വിവിധ മത്സരപ്പരീക്ഷകൾക്ക് പരിശീലിപ്പിക്കുന്നതിനായുള്ള കോച്ചിംഗ് സെന്ററുകൾ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്കീമുകൾ, മദ്രസ്സാധ്യാപക ക്ഷേമനിധി പെൻഷൻ സ്കീം, വയനാട് ജില്ലയിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോജക്റ്റ്, തീരദേശ സർക്കാർ സ്കൂളുകളിലെ പെൺകുട്ടികൾക്കായുള്ള ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം, ന്യൂനപക്ഷ പദ്ധതികളുടെ പ്രചരണത്തിനായി സംസ്ഥാനത്തുടനീളം ആയിരം പ്രമോട്ടർമാരുടെ നിയമനവും 250 ബോധവൽക്കരണ ക്യാമ്പുകളും, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 12 വയസ്സ് മുതൽ 20 വയസ്സ് വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിൽ വ്യക്തിത്വ വികസന ക്യാമ്പുകൾ (ഒരു ക്യാമ്പിൽ 150 വിദ്യാർത്ഥികൾക്ക് പ്രവേശനം), എല്ലാ ജില്ലകളിലെയും ബി.പി.എൽ വിഭാഗത്തിലെ നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠന മേശ-കസേര വിതരണം, വനിതാ സ്വയംസഹായ |

സംഘങ്ങൾക്കുള്ള ധനസഹായം, സൈനിക / അർദ്ധ സൈനിക,പോലീസ് വിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായുള്ള പരിശീലനം എന്നീ പദ്ധതികളാണ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കിവരുന്നത്.

(സി) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ന്യൂനപക്ഷ ക്ഷേമപദ്ധതികൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തുടനീളം 902 പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രൊമോട്ടർമാർ മുഖാന്തിരം സംസ്ഥാനത്തുടനീളം 250 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. പദ്ധതികളെ സംബന്ധിച്ച വിശദമായ ലഘുലേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾ വൈവിധ്യവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

(ഡി) ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക- വിദ്യാഭ്യാസ- വികസന രംഗങ്ങളിൽ ന്യൂനപക്ഷങ്ങളെ മുൻപന്തിയിലെത്തിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ